LIBRARY ARCHIVES Kerala Legislative Assembly

പത്രപ്രവർത്തകർക്കുള്ള ഭവന നിർമ്മാണ പദ്ധതി

28 [3552] *ശ്രീ. എ. എ. അസീസ്* :

„ *കോവൂർ കുഞ്ഞുമോൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകർക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതിനകം എത്ര വീടുകൾ നിർമ്മിച്ചു;

(ബി) എത്ര എണ്ണം വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്ലോട്ടുകളും വീടുകളും ഫ്ളാറ്റുകളും കൂടി 138 എണ്ണം.

(ബി) കൊല്ലം ജില്ലയിൽ 23 എണ്ണവും തിരുവനന്തപുരം ജില്ലയിൽ 44 എണ്ണവും കോട്ടയം ജില്ലയിൽ 14 എണ്ണവും പാലക്കാട് ജില്ലയിൽ 5 എണ്ണവും കോഴിക്കോട് ജില്ലയിൽ 41 എണ്ണവും അലോട്ട് ചെയ്തിട്ടുണ്ട്.

നിർമ്മിതി കേന്ദ്രം ജീവനക്കാർക്ക് സേവന-വേതന വ്യവസ്ഥ നടപ്പാക്കാൻ നടപടി

29 [3553] *ശ്രീ. പി. സി. ജോർജ്ജ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ എത്ര ജീവനക്കാരുണ്ട്;

(ബി) ഇവിടെ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിർമ്മിതി ജീവനക്കാരുടെ കുറഞ്ഞ ഓണറേറിയവും, കൂടിയ ഓണറേറിയവും എത്രയെന്ന് വിശദമാക്കുമോ;

(ഡി) ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)	പി. എഫ്. ഓടുകൂടിയ വോളന്റിയർമാർ	–	161
	കോൺട്രാക്ട് അടിസ്ഥാനത്തിൽ	–	3
	ദിവസ വേതനത്തിൽ	–	10
	പി. എഫ്. ഇല്ലാതെ	–	3
	പ്രോജക്ട് കോ-ഓർഡിനേറ്റർ	–	3
	ഡെപ്യൂട്ടേഷൻ	–	2
	മാസ അടിസ്ഥാനത്തിൽ	–	2

(ബി) സേവന–വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) കുറഞ്ഞ ഓണറേറിയം – പ്രതിമാസം 1600 രൂപ
കൂടിയ ഓണറേറിയം – പ്രതിമാസം 7050 രൂപ

(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

"മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായ വീടുകൾ"

30 [3554] *ശ്രീ. സി. കെ. നാണു:*

„ *എ. സി. ഷൺമുഖദാസ്:*

„ *കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കടലോരങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷിതമായ രീതിയിൽ വീടുകൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനെക്കുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) സുനാമി ദുരന്തത്തിൽപ്പെട്ട മത്സ്യ തൊഴിലാളികൾ ഉൾപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി വീടുകൾ നിർമ്മിക്കുന്ന പദ്ധതി പുരോഗമിച്ചു വരുന്നു. മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി വീടുകൾ നിർമ്മിക്കുന്ന പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ എന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഹൗസിംഗ് ബോർഡിന്റെ ബാദ്ധ്യത

31 [3555] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ ഹൗസിംഗ് ബോർഡിന്റെ മൊത്തം ബാദ്ധ്യത എത്രയായിരുന്നു;

(ബി) അവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം തിരിച്ചടയ്ക്കാൻ ഉണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly